പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5722 — 18.11.2019 -ൽ മറുപടിക്ക്

## സംസ്ഥാനത്തിന് ലഭിക്കുന്ന സബ്സിഡിരഹിത മണ്ണെണ്ണയുടെ സംഭരണം

| ചോദ്യം<br>**ശ്രീ.രാജു എബ്രഹാം** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് കേന്ദ്രം ഇപ്പോൾ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് എത്രയെന്ന് അറിയിക്കുമോ ; | (എ) ത്രൈമാസ അലോട്ട്മെന്റായി നിലവിൽ 9264 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണയാണ് കേന്ദ്രം ലഭ്യമാക്കുന്നത്. |
| (ബി) സംസ്ഥാനങ്ങളുടെ അടിയന്തര ആവശ്യങ്ങൾക്കും ഉത്സവകാല ആവശ്യങ്ങൾക്കും സബ്സിഡിരഹിത മണ്ണെണ്ണ എത്ര അളവിലാണ് കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ; വ്യക്തമാക്കുമോ ;<br><br>(സി) സബ്സിഡിരഹിത മണ്ണെണ്ണ യഥേഷ്ടം അനുവദിക്കാമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രാലയം അറിയിച്ചിട്ടുണ്ടോ;സംസ്ഥാനം കൂടിയ അളവിൽ മണ്ണെണ്ണ സംഭരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ ; | (ബി) & (സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മാസം ലഭ്യമായ 4632 കിലോ ലിറ്റർ മണ്ണെണ്ണയ്ക്കു പുറമെ സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ 10476 കിലോലിറ്റർ മണ്ണെണ്ണ സഹിതം ആകെ 15108 കിലോ ലിറ്റർ സബ്സിഡി രഹിത മണ്ണെണ്ണ കേന്ദ്ര സർക്കാർ ലഭ്യമാക്കിയിരുന്നു. ആയതിന്റെ വിട്ടെടുപ്പ് പൂർത്തിയാക്കിയതിനു ശേഷം ആവശ്യപ്പെട്ടാൽ തുടർന്നും സബ്സിഡി രഹിത മണ്ണെണ്ണ ലഭ്യമാക്കാമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകളിൽ എണ്ണക്കമ്പനികൾ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് കൂടിയ അളവിൽ സബ്സിഡി രഹിത മണ്ണെണ്ണ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) നിലവിൽ ഉത്സവകാലങ്ങളിലും കാർഷികമേഖലയിലെ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇവരെ സഹായിക്കുന്നതിനായി പെർമിറ്റുകൾ നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) കാർഷിക മേഖലയ്ക്കും ഉത്സവങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കും അപേക്ഷ ലഭ്യമാകുന്നതിന് അനുസരിച്ച് സബ്സിഡി രഹിത മണ്ണെണ്ണ അനുവദിച്ച് നല്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ